"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗോശ്രീ ദ്വീപ് വികസന അതോറിറ്റി (ജിഡ)-യിലെ സെക്രട്ടറി ശ്രീ രഘുരാമന്റെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.18/2026/LSGD തീയതി,തിരുവനന്തപുരം, 02-01-2026

---

പരാമർശം:-

1. 10.05.2013-ലെ 42/2013/ധന നമ്പർ സർക്കുലർ
2. 28.11.2013- ലെ സ.ഉ (പി) നം. 580/2013/ധന
3. 17.12.2021 -ലെ സ.ഉ (സാധാ) നം. 2596/2021/തസ്വഭവ
4. 09.12.2022 -ലെ സ.ഉ (സാധാ) നം. 3058/2022/തസ്വഭവ
5. 05.01.2024 -ലെ സ.ഉ (സാധാ) നം. 40/2024/തസ്വഭവ
6. 31.12.2024 - ലെ സ.ഉ (സാധാ) നം. 2579/2024/തസ്വഭവ
7. ജിഡ സെക്രട്ടറിയുടെ 17/11/2025-ലെ GIDA/1897/2021 നമ്പർ കത്ത്.
8. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 29.11.2025 -ലെ LSGD/PD/32244/2025/DEA6 നമ്പർ കത്ത്

**ഉത്തരവ്**

നഗരകാര്യ വകുപ്പിൽ ജോയിന്റ് ഡയറക്ടറായ ശ്രീ. രഘുരാമനെ പരാമർശം (3) പ്രകാരം ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയിൽ സെക്രട്ടറിയായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുകയും പരാമർശം (4), (5), (6) എന്നിവ പ്രകാരം ടിയാന്റെ അന്യത്ര സേവനകാലാവധി ഓരോ വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച നൽകുകയും ചെയ്തിരുന്നു. ശ്രീ.രഘുരാമന്റെ ജിഡയിലെ അന്യത്ര സേവന കാലാവധി 29.12.2025-ൽ അവസാനിക്കുന്ന സാഹചര്യത്തിൽ ആയത് ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച നൽകണമെന്ന് ജിഡ സെക്രട്ടറി പരാമർശം (7) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. രഘുരാമന്റെ അന്യത്ര സേവന കാലാവധി കേരള സർവീസ് റൂൾസ് ഭാഗം-1 ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും, അന്യത്ര സേവനം സംബന്ധിച്ച പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 30.12.2025 മുതൽ ഒരു വർഷത്തേക്കു കൂടി (അഞ്ചാം തവണ) ദീർഘിപ്പിച്ചു കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, ഗോശ്രീ ദ്വീപ് വികസന അതോറിറ്റി

ശ്രീ, രഘുരാമൻ, ജോയിന്റ് ഡയറക്ടർ (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്), തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

വിവര-പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ (ഐ.എ3/161/2025/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Alex G C
Date: 03-01-2026 12:23:34